LIBRARY ARCHIVES Kerala Legislative Assembly

കടമക്കുടിയിൽ ട്രാൻസ്ഫോർമർ

110 (477) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തുക്ഷമായ വൈദ്യുതി ക്ഷാമം നേരിടുന്ന കടമക്കുടിയിൽ കോരാമ്പാടം കപ്പേളക്ക് സമീപം ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷന്റെ അനുമതി ലഭിച്ചിട്ടുണ്ടോ ;

(ബി) ടി പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) കോതാട്-കോരമ്പാടം കപ്പേളയ്ക്ക് സമീപം ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് അനുമതി ലഭിച്ചിട്ടില്ലാത്തതിനാൽ കെ.എസ്.ഇ.ബി.-യുടെ തനത് ഫണ്ട് ഉപയോഗിച്ച് പൂർത്തിയാക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്.

മണ്ണാർക്കാട് വൈദ്യുതിഭവൻ

111 (478) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മണ്ണാർക്കാട് മണ്ഡലത്തിലെ വൈദ്യുതിഭവൻ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എന്തായി എന്ന് വിശദീകരിക്കാമോ ?

ഉത്തരം

മണ്ണാർക്കാട് വൈദ്യുതി ഭവനം നിർമ്മിക്കുന്നതിന് ഒരു കോടി ഇരുപത് ലക്ഷം രൂപ ചെലവ് വരുന്ന പ്രൊപ്പോസൽ സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് പരിശോധിച്ചുവരുന്നു.

പാടിയോട്ടുചാൽ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് പരിധി വിഭജനം

112 (479) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യന്നൂർ നിയോജക മണ്ഡലത്തിലെ കെ.എസ്.ഇ.ബി പാടിയോട്ടുചാൽ സെക്ഷൻ ഓഫീസിന്റെ പരിധി വിഭജിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ പരിഗണനയിലുണ്ടോ ;